കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE EPIDEMIC DISEASES ACT, 1897

(Act No. 3 of 1897)

# നടപ്പ് ദീനങ്ങൾ ആക്റ്റ്, 1897

(1897—ലെ 3—ാം നമ്പർ ആക്റ്റ്)

വില :

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1983

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# THE EPIDEMIC DISEASES ACT, 1897
(Act 3 of 1897)

# നടപ്പ് ദീനങ്ങൾ ആക്റ്റ്, 1897

(1897-ലെ 3-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട് തിരുവനന്തപുരം
ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്
1983

# നടപ്പുദീനങ്ങൾ ആക്റ്റ്, 1897

(1897-ലെ 3-ാം നമ്പർ ആക്റ്റ്)

[1897 ഫെബ്രുവരി 4]

## അപായകരമായ നടപ്പുദീനങ്ങൾ വ്യാപിക്കുന്നത് കൂടുതൽ മെച്ചപ്പെട്ടവിധം തടയാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്

അപായകരമായ നടപ്പുദീനങ്ങൾ വ്യാപിക്കുന്നതു കൂടുതൽ മെച്ചപ്പെട്ടവിധം തടയാൻ വ്യവസ്ഥ ചെയ്യുന്നത് സമീചീനമായിരിക്കയാൽ;

ഇതിനാൽ താഴെപറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :

**ചുരുക്കപ്പേരും വ്യാപ്തിയും.**

1. (1) ഈ ആക്റ്റിന്, നടപ്പുദീനങ്ങൾ ആക്റ്റ്, 1897 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് [1956 നവംബർ 1-ന് തൊട്ടുമുമ്പ് ഖ ഭാഗം സ്റേററുകളിൽ പ്പെട്ടിരുന്ന രാജ്യക്ഷേത്രങ്ങൾ] ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

**അപായകരമായ നടപ്പുദീനം സംബന്ധിച്ച പ്രത്യേക നടപടികൾ എടുക്കുന്നതിനും, റഗുലേഷനുകൾ നിർണ്ണയിക്കുന്നതിനും ഉള്ള അധികാരം**

2. (1) സ്റേററിലോ, അതിൻെറ ഏതെങ്കിലും ഭാഗത്തോ, അപായകരമായ ഏതെങ്കിലും നടപ്പുദീനം പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടെന്നോ, പൊട്ടിപ്പുറപ്പെടുമെന്ന ഭീഷണിയുണ്ടെന്നോ, സ്റേററുഗവൺമെൻറിന്, ഏതെങ്കിലും സമയത്ത്, ബോദ്ധ്യപ്പെടുമ്പോൾ, തൽസമയം പ്രാബല്യത്തിലുള്ള നിയമത്തിലെ സാധാരണ വ്യവസ്ഥകൾ ആ ആവശ്യത്തിന് മതിയായതല്ലെന്ന് തോന്നുന്നുവെങ്കിൽ, സ്റേററു ഗവൺമെൻറിന്, അങ്ങനെയുള്ള ദീനം പൊട്ടിപ്പുറപ്പെടുന്നതോ അതു വ്യാപിക്കുന്നതോ തടയാൻ ആവശ്യകമെന്ന് തോന്നുന്നനടപടികൾ എടുക്കുകയോ, എടുക്കാൻ ഏതെങ്കിലും ആളോട് ആവശ്യപ്പെടുകയോ, ആളെ അധികാരപ്പെടുത്തുകയോ ചെയ്യാവുന്നതും, അപ്രകാരം ആവശ്യകമെന്നു തോന്നുന്നതും, പൊതുജനങ്ങളോ ഏതെങ്കിലും ആളോ, തരം ആളുകളോ പാലിക്കേണ്ടതുമായ താല്ക്കാലിക റഗുലേഷനുകൾ പബ്ലിക് നോട്ടീസ്‌വഴി നിർണ്ണയിക്കാവുന്നതും, (നഷ്ടപരിഹാരം വല്ലതുമുണ്ടെങ്കിൽ അതുൾപ്പെടെ) നേരിടുന്ന ഏതെങ്കിലും ചെലവുകൾ കൊടുത്തു തീർക്കപ്പേടേണ്ടത് ഏതു രീതിയിലാണെന്നും ആരാലാണെന്നും നിശ്ചയിക്കാവുന്നതും ആണ്.

(2) പ്രത്യേകിച്ചും, മേല്പറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്കു ഭംഗം വരാതെയും സ്റേററു ഗവൺമെൻറിന്,

(ക) [വിട്ടുകളയപ്പെട്ടു.]

(ഖ) റയിൽമാർഗ്ഗമോ മററുവിധത്തിലോ യാത്ര ചെയ്യുന്ന ആളുകളുടെ പരിശോധനയ്ക്കും, അങ്ങനെയുള്ള ഏതെങ്കിലും ദീനം പകർന്നിട്ടുള്ളതായി, പരിശോധന ഉദ്യോഗസ്ഥൻ സംശയിക്കുന്ന ആളുകളെ ആശുപത്രിയിലോ താത്കാലവസതിയിലോ മററുവിധത്തിലോ വേർതിരിച്ചു പാർപ്പിക്കാനും ഉള്ള നടപടികൾ എടുക്കുകയും, റഗുലേഷനുകൾ നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്.

**കേന്ദ്രഗവൺമെൻറിൻെറ അധികാരങ്ങൾ.**

2. ക. ഇൻഡ്യയിലോ, അതിൻെറ ഏതെങ്കിലും ഭാഗത്തോ, അപായകരമായ ഏതെങ്കിലും നടപ്പു ദീനം പൊട്ടിപ്പുറപ്പെട്ടിട്ടുണ്ടെന്നും, അല്ലെങ്കിൽ പൊട്ടിപ്പുറപ്പെടുമെന്നുഭീഷണിയുണ്ടെന്നും തൽസമയം പ്രാബല്യത്തിലുള്ള നിയമത്തിലെ സാധാരണ വ്യവസ്ഥകൾ, അങ്ങനെയുള്ള ദീനം പൊട്ടിപ്പുറപ്പെടുന്നതോ, വ്യാപിക്കുന്നതോ തടയാൻ മതിയായതല്ലെന്നും ബോദ്ധ്യപ്പെടുമ്പോൾ കേന്ദ്രഗവൺമെൻറിന്, ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രത്തിലെ ഏതെങ്കിലും തുറമുഖം വിട്ടുപോകുന്നതോ, അവിടെ വരുന്നതോ ആയ ഏതെങ്കിലും കപ്പലിൻേറയോ ജലയാനത്തിൻേറയോ പരിശോധനയ്ക്കും, അതു തടഞ്ഞുവയ്ക്കാനും അല്ലെങ്കിൽ അതിൽ യാത്രപോകാൻ ഉദ്ദേശിക്കുന്നതോ അതുവഴി വരുന്നതോ ആയ ഏതെങ്കിലും ആളുടെ തടങ്കലിനും ആവശ്യകമായനടപടികൾ എടുക്കുകയും റഗുലേഷനുകൾ നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്.

**ദണ്ഡനം.**

3. ഈ ആക്റ്റിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും റഗുലേഷനോ ഉത്തരവോ അനുസരിക്കാതിരിക്കുന്ന ഏതെങ്കിലും ആൾ ഇൻഡ്യൻ ശിക്ഷാ നിയമസംഹിത 188-ാം വകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന കുററം ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതാണ്.

(1860-ലെ 45),

**ആക്റ്റിൻ കീഴിൽ പ്രവർത്തിക്കുന്ന ആളുകൾക്കുള്ള സംരക്ഷണം.**

4. ഈ ആക്റ്റിൻ കീഴിൽ ചെയ്തതോ, ഉത്തമവിശ്വാസപൂർവ്വം ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച്, ഏതെങ്കിലും ആൾക്കെതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ മററുനിയമനടപടിയും നിലനിൽക്കുന്നതല്ല.